**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ നഗരസഭയിൽപെടുന്ന മുൻ വിൽവട്ടം ഗ്രാമപഞ്ചായത്ത് - ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 5 പ്രകാരം തടഞ്ഞുവെച്ചിട്ടുള്ള തുകയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

**സ.ഉ (സാധാ)നം.2913/2019/തസ്വഭവ.** **തിരുവനന്തപുരം, തീയതി.21/12/2019.**

പരാമർശം:- 1) തൃശ്ശൂർ നഗരസഭാ സെക്രട്ടറിയുടെ 31.01.2013, 16.09.2014, 20.03.2017 തീയതിയിലെ യഥാക്രമം വി.ടി.എം/826/09, വി.പി.ഡബ്ല്യൂ-1826/09, വി.പി.ഡബ്ല്യൂ-826/09 നമ്പർ കത്തുകൾ.

2) സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 16.03.2018 ലെ കെ.എസ്.എ. 366/എം.എൽ.2/2018 നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ നഗരസഭയിൽപ്പെടുന്ന മുൻ വിൽവട്ടം ഗ്രാമപഞ്ചായത്തിൽ ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് 1999-2000 വർഷം നടത്തിയ ഓഡിറ്റ് പരിശോധനയിൽ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 5 പ്രകാരം 68,191/- (അറുപത്തി എട്ടായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) രൂപയുടെ ചെലവ് നിരാകരിച്ചിരുന്നു. 1999-ലെ കേരളോൽസവം നടത്തിപ്പുമായി ബന്ധപ്പെട്ട് അനുവദനീയമായ പരിധിയിൽ കവിഞ്ഞ് ചെലവാക്കിയതിനാലായിരുന്നു 68,191/- രൂപ ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയത്. തുടർന്ന് ടി തടസ്സപ്പെടുത്തലിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ട് തൃശ്ശൂർ നഗരസഭാ സെക്രട്ടറി പരാമർശം (1)ലെ കത്തുകൾ മുഖേന സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ശേഷം ടി അപേക്ഷയിൻമേൽ സർക്കാർ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായം ആരായുകയും പരാമർശം (2) മുഖേന ആയത് സംസ്ഥാന ഓഡിറ്റ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**2.** സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ, സാധൂകരണം അനുവദിക്കുന്ന വിഷയത്തിൽ ഉചിതമായ തീരുമാനം സർക്കാർ തലത്തിൽ തന്നെ കൈക്കൊള്ളാവുന്നതാണെന്ന് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

**3.** മേൽ വിഷയം സർക്കാർ വ്യക്തമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടി തുക കേരളോത്സവത്തിന്റെ ഭംഗിയായ നടത്തിപ്പിന് വേണ്ടി പഞ്ചായത്ത് ഭരണ സമിതിയുടെ കൂടെ അംഗീകാരത്തോടെ നടത്തിയ ചെലവാണെന്ന വസ്തുത പരിഗണിച്ചും സാധൂകരണം സംബന്ധിച്ച

കാര്യത്തിൽ സർക്കാർ തലത്തിൽ യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന ഓഡിറ്റ് വകുപ്പിന്റെ അഭിപ്രായം കണക്കിലെടുത്തും തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ നഗരസഭാ പരിധിയിൽപ്പെടുന്ന മുൻ വിൽവട്ടം ഗ്രാമപഞ്ചായത്തിലെ ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 1990-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 5 പ്രകാരമുള്ള 68,191/- (അറുപത്തി എട്ടായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) രൂപയുടെ തടസ്സപ്പെടുത്തലിന് സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, തൃശ്ശൂർ നഗരസഭ, തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**